"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ് - "JJM- CWSS to Pallickkal Madavoor and Navaikulam Panchayaths- Phase II- Supplying, Laying, Jointing, Testing, and Commissioning of Clear Water Pumping Main to Decentmukku OHSR in Navaikulam Panchayath" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച ഏക ദർഘാസ് അംഗീകരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (ജലവിതരണ-ബി) വകുപ്പ്**

സ.ഉ.(കൈ) നം.29/2025/WRD തീയതി,തിരുവനന്തപുരം, 26-04-2025

---

പരാമർശം:-
1. സ.ഉ (പി) നം. 375/2015/ധന തീയതി 24.08.2015.
2. സ.ഉ (പി) നം. 16/2017/ധന തീയതി 06.02.2017.
3. സ.ഉ (സാധ) നം. 134/2022/ജ.വി.വ തീയതി 23.02.2022.
4. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 22/10/2024 തീയതിയിലെ KWA-JB/7378/2024-AEE7 നമ്പർ കത്ത്.

**ഉത്തരവ്**

"JJM- CWSS to Pallickkal Madavoor and Navaikulam Panchayaths- Phase II- Supplying, Laying, Jointing, Testing, and Commissioning of Clear Water Pumping Main to Decentmukku OHSR in Navaikulam Panchayath" എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട പദ്ധതിയ്ക്ക് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. നാവായിക്കുളം പഞ്ചായത്തിലെ ഡീസെന്റ്മുക്ക് ഒ.എച്ച്.എസ്.ആർ- ലേക്ക് 450 mm DI (8333 മീ), 400 mm DI (1683 മീ), 200 mm DI (300 മീ), 100 mm DI (1020 മീ) പൈപ്പുകൾ ഉപയോഗിച്ചുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന്റെ വിതരണം, സ്ഥാപിക്കൽ, ജോയിന്റിങ്, ടെസ്റ്റിംഗ്, കമ്മീഷൻ ചെയ്യൽ എന്നിവ ഈ പ്രവൃത്തിയുടെ പാക്കേജിൽ ഉൾപ്പെടുന്നു. പ്രസ്തുത പ്രവൃത്തിക്ക് 09.11.2023 തീയതിയിൽ കേരള വാട്ടർ അതോറിറ്റി 13.32 കോടിയുടെ സാങ്കേതിക അനുമതി നൽകുകയും, 11,29,38,254/- രൂപ Tendered PAC ആയി സൂപ്രണ്ടിംഗ് എഞ്ചിനീയർ, പി.എച്ച്. സർക്കിൾ, തിരുവനന്തപുരം ആറ് തവണ ദർഘാസ് ക്ഷണിക്കുകയുമുണ്ടായി. ആദ്യത്തെ ദർഘാസിലും തുടർന്നുള്ള നാല് പുന:ദർഘാസുകളിലും, രണ്ടാമത്തെ പുന:ദർഘാസിൽ ലഭിച്ച സിംഗിൾ ഓഫർ അല്ലാതെ മറ്റൊരു ഓഫറും ലഭിച്ചില്ല. ദർഘാസിൽ പങ്കെടുത്ത സിംഗിൾ ബിഡ്ഡർക്ക് NIT പ്രകാരം ആവശ്യമായ സാങ്കേതികവും സാമ്പത്തികവുമായ യോഗ്യതകൾ ഇല്ലാത്തതിനെ തുടർന്ന് രണ്ടാമത്തെ പുന:ദർഘാസും റദ്ദാക്കുകയാണുണ്ടായത്.

2. അഞ്ചാമത്തെ പുന:ദർഘാസിൽ "ശ്രീ. ബി. ദിലീപ് കുമാർ, ആമിന വീട്, മേലേ വെട്ടൂർ. പി.ഒ, വർക്കല, തിരുവനന്തപുരം" എന്ന കരാറുകാരനിൽ നിന്നും ഒരു ഓഫർ ലഭിച്ചു. കരാറുകാരൻ ക്വാട്ട് ചെയ്ത 13,88,55,661/- രൂപ TPACആയ 11,29,38,254/- രൂപയേക്കാൾ 22.95% അധികരിച്ചതായിരുന്നുവെന്നും, ക്വാട്ട് ചെയ്ത ഉയർന്ന തുക കുറയ്ക്കുന്നതിന് കരാറുകാരനുമായി negotiation നടത്തിയെങ്കിലും ക്വാട്ട് ചെയ്ത തുക കുറയ്ക്കുന്നതിന് കരാറുകാരൻ

തയ്യാറായില്ലായെന്നും പരാമർശം (4) പ്രകാരം കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3. പരാമർശം (2) - ലെ സർക്കാർ ഉത്തരവ് പ്രകാരം DSoR + 10%, പ്രാദേശിക വിപണി നിരക്ക്, കരാറുകാരൻ ക്വാട്ട് ചെയ്ത തുക, ഇവയിൽ ഏതാണോ കുറവ് വരുന്നത് ആ തുകയ്ക്കാണ് ദർഘാസ് അംഗീകരിക്കേണ്ടത്. ഇതിൽ കുറഞ്ഞ തുകയും Current DsoR+10% നിരക്കുമായ 12,42,32,078.89/- രൂപയ്ക്ക് മാത്രമേ പ്രസ്തുത ദർഘാസ് അനുവദിക്കാനാകുകയുള്ളൂ.

4. ഈ ജോലിയിൽ DI പൈപ്പ് ആണ് പ്രധാന ഘടകമെന്നും, എസ്റ്റിമേറ്റ് നിരക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ വിപണിയിൽ DI പൈപ്പിന്റെ നിരക്ക് കൂടുതലാണെന്നും, ആയതിനാൽ മികച്ച ഓഫർ ലഭിക്കുന്നതിനുള്ള സാധ്യതയില്ലെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്. സ്ഥലത്തിന്റെ അവസ്ഥകൾക്കനുസരിച്ച് എസ്റ്റിമേറ്റ് പുനർനിർമ്മിക്കുന്നതിന് സാധ്യതയില്ലെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 6 തവണ ടെൻഡർ ചെയ്തിട്ടുണ്ടെന്നും, നിലവിലെ സാഹചര്യത്തിൽ വീണ്ടും ടെൻഡർ ചെയ്യുന്നത് ലേലക്കാരുടെ പങ്കാളിത്തം ഇല്ലാതാക്കുന്നതിനോ വളരെ ഉയർന്ന തുക ക്വാട്ട് ചെയ്യുന്നതിനോ ഇടയാക്കുമെന്നും, അത് പദ്ധതി കൂടുതൽ വൈകിപ്പിക്കുമെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചു. ഈ സാഹചര്യത്തിൽ, സിംഗിൾ ബിഡ്ഡറായ "ശ്രീ. ബി. ദിലീപ് കുമാർ, ആമിന വീട്, മേലേ വെട്ടൂർ. പി.ഒ, വർക്കല, തിരുവനന്തപുരം"- ന് അദ്ദേഹം ക്വാട്ട് ചെയ്ത 13,88,55,661/- രൂപയ്ക്ക് പ്രസ്തുത ടെൻഡർ അനുവദിക്കുന്നത് പരിഗണിക്കണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

5. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ആറു പ്രാവശ്യം ടെണ്ടർ ചെയ്തു കഴിഞ്ഞതാണ് ഈ പ്രവൃത്തി. കൂടാതെ ജൽ ജീവൻ മിഷൻ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കിയില്ലെങ്കിൽ ഗണ്യമായ കേന്ദ്ര സഹായം നഷ്ടമാകും. ഇനിയും കാലതാമസം ഉണ്ടാകുന്നത് ചെലവ് കൂടാനേ ഉപകരിക്കൂ എന്നും സർക്കാർ നിരീക്ഷിക്കുകയുണ്ടായി.

6. പ്രസ്തുത സാഹചര്യത്തിൽ "JJM- CWSS to Pallickkal Madavoor and Navaikulam Panchayaths- Phase II- Supplying, Laying, Jointing, Testing, and Commissioning of Clear Water Pumping Main to Decentmukku OHSR in Navaikulam Panchayath" എന്ന പ്രവൃത്തിയ്ക്ക് "ശ്രീ. ബി. ദിലീപ് കുമാർ, ആമിന വീട്, മേലേ വെട്ടൂർ. പി.ഒ, വർക്കല, തിരുവനന്തപുരം" എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത ഏക ദർഘാസ് Tendered PAC യേക്കാൾ 22.95% അധികരിച്ച തുകയായ 13,88,55,661/- രൂപയ്ക്ക് (പതിമൂന്ന് കോടി എൺപത്തിയെട്ട് ലക്ഷത്തി അമ്പത്തിയഞ്ചായിരത്തി അറുന്നൂറ്റി അറുപത്തിയൊന്ന് രൂപ മാത്രം) അംഗീകരിക്കുന്നതിനുള്ള അനുമതി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. പൊതുഭരണ (എസ്.സി) വകുപ്പ് ( 23.04.2025-ലെ ഇനം. 2864 പ്രകാരം)
4. ധനകാര്യ വകുപ്പ് (ഫയൽ നം. പി.യു-സി1/263/2024/ധന)

5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
6. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Khadeeja Alungal
Date: 26-04-2025 16:16:13
സെക്ഷൻ ഓഫീസർ

പകർപ്പ്:- ജലവിഭവ വകുപ്പ് മന്ത്രിയുടെ പി.എസ്- ന്
ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്- ന്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 23-04-2025

ഫയൽ നം. ഡബ്ല്യൂ.എസ്.-ബി1/230/2024/ജ.വി.വ. ഇനം നം: 2864

വിഷയം : ജലവിഭവ വകുപ്പ് - "JJM - CWSS to Pallickkal Madavoor and Navaikulam Panchayaths - Phase II - Supplying, Laying, Jointing, Testing and Commissioning of Clear Water Pumping Main to Decentmukku OHSR in Navaikulam Panchayath" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച Tendered PAC-യേക്കാൾ 22.95% അധികരിച്ച 13,88,55,661/- രൂപയ്ക്ക് ടെൻഡർ അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.

24/4/25
S.S

24 APR

2864

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡബ്ല്യു. എസ്- ബി1/230/2024-ജ.വി.വ |
| 2. | വകുപ്പ് | : | ജലവിഭവ (ജലവിതരണ -ബി) വകുപ്പ് |
| 3. | വിഷയം | : | "JJM- CWSS to Pallickkal Madavoor and Navaikulam Panchayaths- Phase II- Supplying, Laying, Jointing, Testing, and Commissioning of Clear Water Pumping Main to Decentmukku OHSR in Navaikulam Panchayath" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച Tendered PAC യേക്കാൾ 22.95% അധികരിച്ച 13,88,55,661/- രൂപയ്ക്ക് ടെൻഡർ അംഗീകരിക്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 25/03/2025 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഉണ്ട് |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. അതെ |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. സജികുമാർ. ജെ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 29/03/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 19/04/2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. റോഷി അഗസ്റ്റിൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | | 21/04/2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 21/04/2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

"JJM- CWSS to Pallickkal Madavoor and Navaikulam Panchayaths- Phase II- Supplying, Laying, Jointing, Testing, and Commissioning of Clear Water Pumping Main to Decentmukku OHSR in Navaikulam Panchayath" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച Tendered PAC യേക്കാൾ 22.95% അധികരിച്ച ഏക ദർഘാസ് അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട പദ്ധതിയ്ക്ക് 23.02.2022 തീയതിയിലെ സ.ഉ (സാധ) നം. 134/2022/ജ.വി.വ പ്രകാരം 91.70 കോടിയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിക്ക് കേരള വാട്ടർ അതോറിറ്റി 13.32 കോടിയുടെ സാങ്കേതിക അനുമതി 9.11.2023- ൽ നൽകുകയുണ്ടായി. നാവായിക്കുളം പഞ്ചായത്തിലെ ഡീസെന്റ്മുക്ക് ഒ.എച്ച്.എസ്.ആർ- ലേക്ക് 450 mm DI (8333 മീ), 400 mm DI (1683 മീ), 200 mm DI (300 മീ), 100 mm DI (1020 മീ) പൈപ്പുകൾ ഉപയോഗിച്ചുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന്റെ വിതരണം, സ്ഥാപിക്കൽ, ജോയിന്റിങ്, ടെസ്റ്റിംഗ്, കമ്മീഷൻ ചെയ്യൽ എന്നിവ ഈ പ്രവൃത്തിയുടെ പാക്കേജിൽ ഉൾപ്പെടുന്നു.

3. പ്രസ്തുത പ്രവൃത്തിയ്ക്ക് 11,29,38,254/- രൂപ Tendered PAC ആയി സൂപ്രണ്ടിംഗ് എഞ്ചിനീയർ, പി.എച്ച്. സർക്കിൾ, തിരുവനന്തപുരം ആറ് തവണ ദർഘാസ് ക്ഷണിക്കുകയുണ്ടായി. ആദ്യത്തെ ഇ-ടെൻഡറിലും തുടർന്നുള്ള നാല് റീ-ടെൻഡറുകൾകളിലും, രണ്ടാമത്തെ റീ-ടെൻഡറിൽ ലഭിച്ച സിംഗിൾ ഓഫർ അല്ലാതെ മറ്റൊരു ഓഫറും ലഭിച്ചില്ല. പ്രസ്തുത സിംഗിൾ ബിഡ്ഡർക്ക് NIT പ്രകാരം ആവശ്യമായ സാങ്കേതികവും സാമ്പത്തികവുമായ യോഗ്യതകൾ ഇല്ലാത്തതിനെ തുടർന്ന് STC TA അദ്ദേഹത്തെ അയോഗ്യനാക്കിയതിനാൽ രണ്ടാമത്തെ റീ-ടെൻഡറും റദ്ദാക്കുകയാണുണ്ടായത്. അഞ്ചാമത്തെ പുനഃദർഘാസിൽ "ശ്രീ. ബി. ദിലീപ് കുമാർ, ആമിന വീട്, മേലേ വെട്ടൂർ. പി.ഒ, വർക്കല, തിരുവനന്തപുരം" എന്ന കരാറുകാരനിൽ

നിന്നും ഒരു ഓഫർ ലഭിച്ചു. 09.08.2024 ന് ചേർന്ന സ്പെഷ്യൽ ടെക്നിക്കൽ കമ്മിറ്റി ഏക ബിഡ്ഡറെ പ്രീ-ക്വാളിഫൈ ചെയ്യാൻ തീരുമാനിക്കുകയും 13.08.2024 ന് പ്രൈസ് ബിഡ് തുറക്കുകയും ചെയ്തു.

4. കരാറുകാരൻ ക്വാട്ട് ചെയ്ത തുക TPAC ആയ 11,29,38,254/- രൂപയേക്കാൾ 22.95% അധികരിച്ച 13,88,55,661/- രൂപയാണ്. ക്വാട്ട് ചെയ്ത ഉയർന്ന തുക കുറയ്ക്കുന്നതിനും, ആയത് SOR+10% ടോളറൻസ് പരിധി, പ്രാദേശിക വിപണി നിരക്ക് ഇവയിൽ ഏതാണോ കുറവ് അതിലേയ്ക്ക് കൊണ്ടുവരാനുള്ള സാധ്യത പര്യവേക്ഷണം ചെയ്യുന്നതിനുമായി ടെണ്ടറിംഗ് അതോറിറ്റി കരാറുകാരനായ ശ്രീ. ബി. ദിലീപ് കുമാർ, ആമിന വീട്, മേലേ വെട്ടൂർ. പി.ഒ, വർക്കല, തിരുവനന്തപുരം- നുമായി negotiation നടത്തുകയുണ്ടായി. എന്നാൽ ക്വാട്ട് ചെയ്ത തുക കുറയ്ക്കുന്നതിന് കരാറുകാരൻ തയ്യാറായില്ല.

താരതമ്യ വിശദാംശങ്ങൾ ഇപ്രകാരമാണ്:

| | |
|---|---|
| Quoted Amount | - Rs. 13,88,55,661/- (22.95% above TPAC) |
| TPAC based on LMR | - Rs. 12,49,27,541.60/- (10.62% above the TPAC) |
| Current SoR + 10% | - Rs. 12,42,32,078.89/- |

(as per PRICE comparison)

5. നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി മുകളിൽ പ്രസ്താവിച്ചിട്ടുള്ളതിൽ ഏറ്റവും കുറഞ്ഞ തുകയും, Current DsoR+10% നിരക്കുമായ 12,42,32,078.89/- രൂപയ്ക്കു മാത്രമേ പ്രവൃത്തി അനുവദിക്കാനാകു.

താരതമ്യ സ്റ്റേറ്റ്മെന്റ് താഴെ ചേർക്കുന്നു:

| **Quoted Amount - Rs. 13,88,55,661/-** | | |
|---|---|---|
| | Amount | Quoted Amount Percentage Above or Below |
| Tendered PAC | Rs. 11,29,38,254/- | **22.95% Above** |

| | | |
|---|---|---|
| Current SoR +10% amount | Rs. 12,42,32,078.89/- | **11.77% Above** |
| Local Market Rate | Rs. 12,49,27,541.60/- | **11.15% Above** |

6. ഈ ജോലിയിൽ DI പൈപ്പ് ആണ് പ്രധാന ഘടകമെന്നും, എസ്റ്റിമേറ്റ് നിരക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ വിപണിയിൽ DI പൈപ്പിന്റെ നിരക്ക് കൂടുതലാണെന്നും, ആയതിനാൽ മികച്ച ഓഫർ ലഭിക്കുന്നതിനുള്ള സാധ്യതയില്ലെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. സ്ഥലത്തിന്റെ അവസ്ഥകൾക്കനുസരിച്ച് എസ്റ്റിമേറ്റ് പുനർനിർമ്മിക്കുന്നതിന് സാധ്യതയില്ലെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 6 തവണ ടെൻഡർ ചെയ്തിട്ടുണ്ടെന്നും, നിലവിലെ സാഹചര്യത്തിൽ വീണ്ടും ടെൻഡർ ചെയ്യുന്നത് ലേലക്കാരുടെ പങ്കാളിത്തം ഇല്ലാതാക്കുന്നതിനോ വളരെ ഉയർന്ന തുക ക്വാട്ട് ചെയ്യുന്നതിനോ ഇടയാക്കുമെന്നും, അത് പദ്ധതി കൂടുതൽ വൈകിപ്പിക്കുമെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

7. ഈ സാഹചര്യത്തിൽ, സിംഗിൾ ബിഡ്ഡർക്ക് അദ്ദേഹം ക്വാട്ട് ചെയ്ത 13,88,55,661/- രൂപയ്ക്ക് പ്രസ്തുത ടെൻഡർ അനുവദിക്കുന്നത് പരിഗണിക്കണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

8. 24.08.2015-ലെ സ. ഉ (പി) നം. 375/15/ധന പ്രകാരം ഉത്തരവ് പ്രകാരം അധിക തുകയ്ക്ക് ടെണ്ടറുകൾ അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഇപ്രകാരമാണ്:

*"Normally no tender excess above 10% of estimated PAC will be allowed. If the lowest tender received exceeds 10% of the estimated cost, all such works shall be re- tendered under normal circumstances. However, if the Heads of Departments feel that some works exceeding 10% of PAC are to be urgently executed in the exigency of public service, then all such works shall be sanctioned at Government level with*

*the concurrence of Finance Department. The Head of Department shall exercise due diligence in recommending each such proposal and should personally evaluate the circumstances that warrants such special considerations and submit a detailed justification for the acceptance of each such proposals"*

9. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം താഴെ പറയുന്നു:

"AD is informed that, in case AD /KWA feel that there will be no change in estimate amount even after reworking the estimate and no scope in getting a better response even on recall of tenders, then the single bid submitted by Sri. B. Dileep Kumar Amina Veedu, Mel Vettoor P.O, Varkala, Tvpm at his quoted amount of Rs.13,88,55,661/- which is 22.95% above TPAC of 11,29,38,254/- obtained during the sixth tender call of the subject work, may be placed before Council of Ministers for getting approval, with full justification. This has the approval of Hon'ble M(Fin)"

10. ബഹു. ജലവിഭവ വകുപ്പ് മന്ത്രി താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു:

"ആറ് പ്രാവശ്യം ടെണ്ടർ ചെയ്തു കഴിഞ്ഞതാണ് ഈ പ്രവൃത്തി. കൂടാതെ ജൽ ജീവൻ മിഷൻ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കിയില്ലെങ്കിൽ ഗണ്യമായ കേന്ദ്ര സഹായം നഷ്ടമാകും. റ്റോളറൻസ് ലിമിറ്റ് 12.42 കോടി രൂപ ആയിരിക്കുമ്പോൾ PRICE പ്രകാരമുള്ള എൽ.എം.ആർ. 12.49 കോടി മാത്രമേ കാണിക്കുന്നുള്ളൂ എന്നതിൽ നിന്നും മാർക്കറ്റ് റേറ്റ് കണക്കാക്കുന്നതിൽ അപാകത വെളിപ്പെടുത്തുന്നു. ഇനിയും കാലതാമസം ഉണ്ടാകുന്നത് ചെലവ് കൂടാനേ ഉപകരിക്കൂ എന്നതിനാൽ ധനവകുപ്പുകൂടി അഭിപ്രായപ്പെട്ട പ്രകാരം ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് വയ്ക്കുന്നതിന് ബഹു. മുഖ്യമന്ത്രി സദയം ഉത്തരവായാലും"

11. ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കു സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട വിഷയം**

"JJM- CWSS to Pallickkal Madavoor and Navaikulam Panchayaths- Phase II- Supplying, Laying, Jointing, Testing, and Commissioning of Clear Water Pumping Main to Decentmukku OHSR in Navaikulam Panchayath" എന്ന പ്രവൃത്തിയ്ക്ക് "ശ്രീ. ബി. ദിലീപ് കുമാർ, ആമിന വീട്, മേലേ വെട്ടൂർ. പി.ഒ, വർക്കല, തിരുവനന്തപുരം" എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത ദർഘാസ്, Tendered PAC യേക്കാൾ 22.95% അധികരിച്ച തുകയായ 13,88,55,661/- രൂപയ്ക്ക് (പതിമൂന്ന് കോടി എൺപത്തിയെട്ട് ലക്ഷത്തി അമ്പത്തിയഞ്ചായിരത്തി അറുന്നൂറ്റി അറുപത്തിയൊന്ന് രൂപ മാത്രം) അനുവദിക്കുന്നതിന് മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റിയ്ക്ക് അനുമതി നൽകാമോ;